# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

08/11/2016 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6418

## വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ പുതിയ തസ്തികകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>" സി.കെ.നാണു<br>" കോവൂർ കുഞ്ഞുമോൻ<br>" കെ.ബി.ഗണേഷ് കുമാർ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) അഴിമതിവിരുദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി സംസ്ഥാനത്തെ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തണമെന്നും സോഷ്യൽ ഓഡിറ്റ് സംവിധാനം നടപ്പാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള എന്തെങ്കിലും നിർദ്ദേശം വിജിലൻസ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) ഇല്ല. |
| ബി) സംസ്ഥാനത്തെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; അത് നികത്താൻ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിലവിൽ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ 10 ഒഴിവുകളും എക്സിക്യൂട്ടീവ് സ്റ്റാഫിന്റെ 75 ഒഴിവുകളും ഉണ്ട്. മിനിസ്റ്റീരിയൽ തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എക്സിക്യൂട്ടീവ് വിഭാഗത്തിന്റെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ശക്തിപ്പെടുത്താൻ ഏതെങ്കിലും പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുവാനുള്ള നിർദ്ദേശം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |

Rashmi T.

സെക്ഷൻ ഓഫീസർ